# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester Career Related B.A. Degree Examination, November 2016**

**First Degree Programme under CBCSS**

**Complementary Course: Malayalam – I**

**(for Journalism, Mass Communication and Video Production)**

**AUML131: Sargathmaka Rachana: Thathwavum Aavishkaravum**

( *Common for* ***Regular*** *– 2016 Admn. and* ***Improvement*** *– 2015 Admn.* )

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ട്രാജഡിയെപ്പറ്റി രചിക്കപ്പെട്ടിട്ടുള്ള ‘കാവ്യകലയെപ്പറ്റി’ എന്ന കൃതിയുടെ കർത്താവ് ആര് ?
2. ‘വക്രോക്തി കാവ്യജീവിതം’ എന്ന കൃതിയുടെ കർത്താവ് ?
3. ‘പ്രിഫേസ് ടു ലിറിക്കൽ ബാലഡ്’ എന്ന കൃതിയുടെ കർത്താവ് ?
4. ധ്വനിതത്ത്വപ്പറ്റി പ്രതിപാദിക്കുന്ന ആനന്ദവർദ്ധനന്റെ കൃതി ?
5. ‘കൃതിയിൽനിന്നു പാഠത്തിലേക്ക്’ (From Work to Text) ആരുടെ ലേഖനം ?
6. ‘അനൗചിത്യമൊഴിഞ്ഞ് രസഭംഗത്തിനു മറ്റു കാരണമില്ല’ എന്ന് പ്രസ്താവിച്ച ആലങ്കാരികൻ ?
7. ‘‘പ്രതിഭാ അപൂർവവസ്തുനിർമ്മാണക്ഷമാപ്രജ്ഞാ’’ എന്ന നിർവചനം ആരുടേത് ?
8. എം.പി. പോൾ രചിച്ച നോവൽലക്ഷണഗ്രന്ഥം ?
9. പാശ്ചാത്യവും പൗരസ്ത്യവുമായ കാവ്യതത്ത്വങ്ങളെ താരതമ്യാത്മകമായി ചർച്ച ചെയ്യുന്ന ‘കാവ്യപീഠിക’യുടെ കർത്താവ് ?
10. ‘ബയോഗ്രഫിയാ ലിറ്ററേറിയ’ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ?

**(10 × 1 = 10 Marks)**

P.T.O.

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. ഗ്രാമീണഭാഷയിലാണ് കവിത രചിക്കേണ്ടതെന്ന് വേഡ്സ്വർത്ത് പറയുന്നതിന് കാരണമെന്ത് ?
12. 'പ്രാഥമിക ഭാവന, ദ്വിതീയ ഭാവന' എന്നീ സങ്കല്പനങ്ങളെ കോൾറിഡ്ജ് വിശദീകരിക്കുന്നതെങ്ങനെ ?
13. 'പാഠം' എന്ന സങ്കല്പനത്തെ റൊളാങ്ബാർത്ത് വിശദീകരിക്കുന്നതെങ്ങനെ ?
14. കാവ്യപ്രചോദനത്തെക്കുറിച്ചുള്ള പ്ലേറ്റോയുടെ അഭിപ്രായമെന്ത് ?
15. പ്രതിഭയെ ഭാവയിത്രി, കാരയിത്രി എന്നു തരംതിരിക്കുന്നതിന്റെ യുക്തിയെന്ത് ?
16. ഔചിത്യത്തിന് ക്ഷേമേന്ദ്രൻ നൽകുന്ന പ്രാധാന്യമെന്ത് ?
17. പ്രധാനപ്പെട്ട ശബ്ദവ്യാപാരങ്ങൾ ഏതെല്ലാം ?
18. സാഹിത്യകൃതിയിലെ ആശയവിനിമയത്തിൽ വായനക്കാരനുള്ള പ്രാധാന്യമെന്ത് ?
19. എന്താണ് ബാഹ്യസംയോജകം (Objective Correlative) ?
20. 'രസധ്വനി' - കുറിപ്പെഴുതുക.
21. 'കല അനുകരണമാണ്' എന്ന വാദം വിശദമാക്കുക ?
22. കുന്തകൻ വക്രോക്തിക്കു നൽകുന്ന വിവരണത്തിന്റെ സാരമെന്ത് ?

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക*

23. ''മാമ്പഴം' എന്ന കവിതയിലൂടെ ചിത്രീകൃതമാകുന്ന 'ബാല്യ'ത്തിന് സാർവലൗകിക സ്വഭാവമുണ്ട്.' വിശദമാക്കുക ?
24. സ്ഥായിഭാവം, വിഭാവം, അനുഭാവം, വ്യഭിചാരീഭാവം എന്നീ സങ്കല്പനങ്ങൾ സാമാന്യമായി വിശദീകരിക്കുക.
25. 'ഞാൻ എഴുതുന്നത് ഒരിക്കലും എന്റെ മാത്രം വാക്കുകളല്ല'. – സുഗതകുമാരിയുടെ ഈ പ്രസ്താവത്തിൽ ഒരു കാവ്യരചനാതത്ത്വം ഉള്ളടങ്ങിയിരിക്കുന്നു. ശരിയോ ?
26. 'ഇതിനു പൂർണ്ണത നൽകുക, ഇതിനെ പ്രകീർത്തിക്കുക, ഇതിനെ സ്നേഹം കൊണ്ടും വെളിച്ചംകൊണ്ടും നിറയ്ക്കുക'. – കവിയുടെ ജീവിതദർശനമാണിവിടെ സൂചിതമാകുന്നത് - വിശദീകരിക്കുക.

27. 'കാളിയമർദ്ദനം' എന്ന കവിതയുടെ രചനാസാഹചര്യത്തെക്കുറിച്ച് സുഗതകുമാരി നൽകുന്ന വിവരണം സംഗ്രഹിക്കുക ?
28. 'എന്റെ കഥകളിൽ അധികവും അങ്ങനെ ഉണ്ടായതാണെന്നു തോന്നുന്നു'. എം.ടി. സൂചിപ്പിക്കുന്ന രചനാതത്ത്വം വിശദീകരിക്കുക.
29. 'അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ' എന്ന കഥ എഴുതാനുണ്ടായ സാഹചര്യം വിശദമാക്കുക.
30. 'ആരുടെ നിലപാടിൽനിന്നുകൊണ്ടുവേണം എഴുതാൻ'? ഈ പ്രശ്നത്തെ 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയുടെ രചനയിൽ എം.ടി. അഭിമുഖീകരിച്ചതെങ്ങനെ ?
31. 'നഖത്തിനിടയിൽ മൊട്ടുസൂചി കയറ്റിയപ്പോഴും തുട വരഞ്ഞു കുരുമുളകുപൊടി തേച്ചപ്പോഴും തോന്നാത്ത ഒരു വേദന മനസ്സിൽ നിറഞ്ഞു'. ഈ വേദനയുടെ കാരണമെന്ത് ? ഭാവന ചെയ്യുക.

**(6 × 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. 'വിശപ്പ്' എന്ന കഥയിലെ വിശപ്പിന് രണ്ടു തലങ്ങളുണ്ട്. ഈ തലങ്ങളെ കഥാകൃത്ത് എങ്ങനെ സമന്വയിപ്പിച്ചിരിക്കുന്നു ?
33. 'സൂക്ഷ്മമായ അന്തരീക്ഷസൃഷ്ടിയും നിരാഡംബരമായ ഭാവാവിഷ്ക്കാരവുമാണ് 'തോരാമഴ'യെ ഹൃദയസ്പർശിയാക്കുന്നത്.' പരിശോധിക്കുക.
34. 'കള്ളൻ' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ വിവരിക്കുക.
35. 'മാതൃഹൃദത്തിന്റെ പിടച്ചിൽ അനുഭവപ്പെടുത്തുന്നു, മാമ്പഴം' - ഈ പ്രസ്താവത്തിന്റെ സാധുതയെ വിമർശനാത്മകമായി വിലയിരുത്തുക.

**(2 × 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*